**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3149 — 03/04/2013-ൽ മറുപടിയ്ക്ക്

## ഗ്രാമീണ തലത്തിൽ പച്ചക്കറി കൃഷിയ്ക്ക് പ്രോത്സാഹനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ഗ്രാമീണ തലത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ; | എ) വ്യക്തമാക്കാം. ഗ്രാമീണ തലത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 42.5 കോടി രൂപയുടെ പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കുന്നു. അതിന്റെ ഘടകങ്ങൾ താഴെപ്പറയുന്നവയാണ്.<br>1. വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി:-<br>a. തിരഞ്ഞെടുക്കുന്ന 2400 സ്കൂളുകളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനും, കാർഷിക ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും 3,500/- രൂപ നിരക്കിൽ സഹായധനം.<br>b. പ്രസിദ്ധീകരണങ്ങൾ/ മാധ്യമങ്ങൾ വഴി ( 15 രൂപ വിലയുള്ള ) 5 ലക്ഷം വിത്ത് പാക്കറ്റുകളുടെ വിതരണം.<br>c. പ്രോജക്ട്ടിസ്ഥാനത്തിൽ സർക്കാർ / സർക്കാരിതര സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കൽ. ഇതിനകം തന്നെ 120 സ്ഥാപനങ്ങളിൽ ടി പദ്ധതി നടപ്പാക്കി കഴിഞ്ഞു.<br>**2. പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹനം:-**<br>a. 15 രൂപ വിലയുള്ള 49.68 ലക്ഷം പച്ചക്കറി വിത്തുകിറ്റുകൾ സംസ്ഥാനത്തെ എല്ലാ സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും പുരയിട കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിതരണം നടത്തിക്കഴിഞ്ഞു. RKVY, നിറവ് പദ്ധതി, സമഗ്ര പച്ചക്കറി വികസന പദ്ധതി എന്നീ പദ്ധതികളിലൂടെയാണ് ആകെ 49.68 ലക്ഷം കിറ്റുകൾ നൽകിയത്. |

**3. അർബൻ ക്ലസ്റ്റർ പ്രോത്സാഹനം:-**

കൊല്ലം, തൃശ്ശൂർ കോർപ്പറേഷ-നുകളിൽ 2000 രൂപ വിലയുള്ള 26500 ഗ്രോ ബാഗ് യൂണിറ്റുകൾ 75% സബ്സിഡി നിരക്കിൽ നൽകുന്നു. ടി പദ്ധതി സമീപ പഞ്ചായത്തുകളിലും വ്യാപിപ്പി - ച്ചിട്ടുണ്ട്.

**4. ജില്ലാ ക്ലസ്റ്റർ വികസനം :-**

2011-2012 ൽ രൂപീകരിച്ച 347 നിലവിലുള്ള ക്ലസ്റ്ററുകൾക്ക് ഹെക്ടറിന് 15,000/- രൂപ നിരക്കിൽ സഹായധനം നൽകി വരുന്നു. 712 പുതിയ ക്ലസ്റ്ററുകൾക്കും ഹെക്ടറിന് 22,500/- രൂപ നിരക്കിൽ സഹായധനം നൽകി വരുന്നു.

കൂടാതെ 1500 പമ്പ് സെറ്റുകൾക്ക് 10000 രൂപ നിരക്കിലും 1500 സസ്യ സംര- ക്ഷണ ഉപകരണങ്ങൾക്ക് 1500 രൂപ നിരക്കിലും ധനസഹായം നൽകിക്കഴിഞ്ഞു. ജലക്ഷാമം കണക്കിലെടുത്ത് കൂടുതൽ പമ്പു സെറ്റുകൾ വിതരണം ചെയ്യുവാനുള്ള ഉത്തരവ് നൽകി- ക്കഴിഞ്ഞു, ക്ലസ്റ്ററുകൾക്ക് ഹരിത ഫണ്ടായി 2000 രൂപ വീതം നൽകിക്കഴിഞ്ഞു. സംസ്ഥാനത്തിലെ 60 മുനിസിപ്പാ- ലിറ്റികളെയും ഉൾപ്പെടുത്തി 80,000 ഗ്രോ ബാഗ് യൂണിറ്റുകൾ 75% സബ്സിഡി നിരക്കിൽ നൽകുന്നു. മുനിസിപ്പാലിറ്റിയുടെ സമീപ പഞ്ചായത്തുകളിലും ടി പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ കൂടാതെ ക്ലസ്റ്ററുകളിൽ നൂതനമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനായി ഒരു ഇന്നൊവേഷൻ ഫണ്ടും ജില്ലകൾക്ക് ലഭ്യമാക്കി- യിട്ടുണ്ട്. ക്ലസ്റ്ററുകളെ നിലവി- ലുള്ള വിപണിയുമായി ബന്ധിപ്പിക്കുന്നതോടൊപ്പം തന്നെ തിരഞ്ഞെടുക്കപ്പെട്ട ക്ലസ്റ്ററുകളിൽ സംരക്ഷിത കൃഷിക്കുള്ള പോളി ഹൗസ്, മണ്ണ് പരിശോധനാ ക്യാമ്പയിനുകൾ, ജൈവ വള കീടനാശിനികളുടെ ലഭ്യത, മാർക്കറ്റ് ഇൻഫർമേഷൻ എന്നീ സൗകര്യങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്.

**5. അഗ്രോ സർവ്വീസ് സെന്ററുകൾ**

152 ബ്ലോക്കുകളിലും 60 മുനിസിപ്പാലിറ്റികളിലും 2 നഗര സഭകളിലും അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത് മുഖേന ജില്ലാ അർബൻ ക്ലസ്റ്ററുകളിൽ കൃഷിക്കാർക്ക് സമയാ സമയങ്ങളിൽ വേണ്ടുന്ന ഉപദേശങ്ങളും പരിശീലന-ങ്ങളും കാർഷിക സഹായങ്ങളും ലഭ്യമാക്കിവരുന്നു.

കൂടാതെ RKVY പദ്ധതി പ്രകാരം 2800 ഹെക്ടർ കൃഷി സ്ഥലത്ത് വാഴ, പച്ചക്കറികൾ, കിഴങ്ങു വിളകൾ എന്നിവയുടെ കരാർ അടിസ്ഥാനത്തിലുള്ള കൃഷിയും ചെയ്യുന്നുണ്ട്. അതിന് കർഷകനും ഉടമസ്ഥനുമായി ആകെ 940 ലക്ഷം രൂപ ആനുകൂല്യം നൽകി വരുന്നു.

കമ്മ്യൂണിറ്റി നഴ്സറി, പച്ചക്കറി തൈ ഉൽപ്പാദനത്തിനായുള്ള യൂണിറ്റ് തുറസ്സായ സ്ഥലത്തുള്ള പച്ചക്കറി കൃഷി, അടുക്കളത്തോട്ടം എന്നീ പദ്ധതികൾ വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് 2012-13- പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.കെ.വി.വൈ യുടെ ധന സഹായത്തോടുകൂടി ഗ്രാമീണ തലത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നടപ്പിലാക്കി വരുന്നു.

ബി) പച്ചക്കറി ഉൽപാദനത്തിൽ മുൻകാലങ്ങളേ-ക്കാൾ എത്ര മാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കാമോ ;

ബി) (എ) സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഇതിനകം തന്നെ 9000 ഹെക്ടർ സ്ഥലത്തു നിന്നും വിളവെടുപ്പു കഴിഞ്ഞതിൽ 55148 മെട്രിക് ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞു.

(ബി). RKVY പദ്ധതിയിൻ കീഴിൽ വാഴ കൂടാതെ 975 ഹെക്ടർ പച്ചക്കറി, കിഴങ്ങു വിളകൾ ഇവ ചെയ്തതിൽ അധികമായി 5752 ടൺ അധിക ഉല്പാദനം ലഭിച്ചിട്ടുണ്ട്.

2011-12 സാമ്പത്തിക വർഷത്തിൽ വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് പദ്ധതി പ്രകാരം 12372 മെട്രിക് ടൺ പച്ചക്കറി ഉൽപാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) കാർഷിക ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിന് പുതുതായി ആവിഷ്കരിച്ച പരിപാടികൾ വിശദമാക്കുമോ?

(സി) കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്തവ്യാപാര വിപണികളിൽ കർഷകരിൽ നിന്നുള്ള പച്ചക്കറികളും മറ്റു കാർഷികോല്പന്നങ്ങളും നേരിട്ട് സംഭരിച്ച വിപണനം നടത്തുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. ഇതിനായി ഓരോ വിപണിയുടെയും പരിസരത്തുള്ള കർഷകരെ ഗ്രൂപ്പുകളാക്കി ആഴ്ചയിൽ നിശ്ചിത ദിവസങ്ങളിൽ അവരുടെ ഉല്പന്നങ്ങൾ വിപണിയിൽ വച്ച് ലേലം നടത്തിവരുന്നുണ്ട്. കർഷകർ കൊണ്ടുവരുന്ന ഉല്പന്നങ്ങൾക്ക് ട്രാൻസ്പോർട്ടിംഗ് സബ്സിഡി നൽകുകയും ഉല്പന്നങ്ങൾ തരംതിരിച്ച് ഗുണ നിലവാരത്തിനനുസൃതമായി അടിസ്ഥാന വില നിശ്ചയിക്കുകയും ചെയ്യുന്നു. ലേലങ്ങളിൽ വില താഴ്ത്തി വാങ്ങാതിരിക്കുന്നതിനായി ഹോർട്ടി-കോർപ്പ് എല്ലാ ലേലങ്ങളിലും പങ്കെടുക്കുന്നു. അങ്ങനെ ഇടത്തട്ടുകാരുടെ ചൂഷണം പരമാവധി ഒഴിവാക്കി കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നു. ഇതിനു പുറമേ ഹോർട്ടികോർപ്പ്, വി,എഫ്.പി.സി.കെ എന്നീ ഏജൻസികൾ കർഷകരിൽ നിന്നും പരാമവധി പഴം, പച്ചക്കറി തുടങ്ങിയ കാർഷികോല്പ്പന്നങ്ങൾ സംഭരിച്ച് അവരുടെ റീട്ടെയിൽ സ്റ്റാളുകളിലൂടെ ന്യായവിലക്ക് വിപണനം നടത്തുന്നു. സംസ്ഥാനത്ത് ഉത്സവ സീസണുകളിലും മറ്റു പ്രത്യേക സാഹചര്യങ്ങളിലും പച്ചക്കറികളുടെ വില ക്രമാതീതമായി ഉയരുമ്പോൾ ഹോർട്ടികോർപ്പ്, VFPCK എന്നീ ഏജൻസികൾ വിപണി ഇടപെടൽ നടത്തി സബ്സിഡി നിരക്കിൽ വിപണനം നടത്തുന്നു. ഇത്തരത്തിൽ 2012 മേയ് മാസം മുതൽ ആഗസ്റ്റ് മാസം വരെ വിപണി വിലയേക്കാൾ 30% വരെ വില കുറച്ച് ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ സ്റ്റാളുകളിലൂടെ വിപണനം നടത്തിയിട്ടുണ്ട്. തുടർന്ന് ഡിസംബർ, ജനുവരി മാസങ്ങളിലും ഇത്തരത്തിൽ വിപണി ഇടപെടൽ നടത്തിയിട്ടുണ്ട്. വിപണനം നടത്തിയ പച്ചക്കറികളുടെ സബ്സിഡിയായി2012-13 മാർക്കറ്റ് ഇന്റർവെൻഷൻ ഫോർ പ്രൈസ് സ്റ്റെബിലൈസേഷൻ പദ്ധതി പ്രകാരം 1133.54 ലക്ഷം രൂപ ഹോർട്ടികോർപ്പിനും 560.00 ലക്ഷം രൂപ

വി.എഫ്.പി.സി.കെ.ക്കും അനുവദിച്ചിട്ടണ്ട്.

പച്ചക്കറിയുടെ സംഭരണവും, വിപണനവും ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഹോർട്ടിക്കോർപ്പ് സംഭരണ കേന്ദ്രങ്ങൾ ഇല്ലാത്ത ജില്ലകളിൽ ഈ വർഷം തന്നെ കേന്ദ്രങ്ങൾ തുടങ്ങാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കൂടുതൽ പ്രദേശങ്ങളിൽ സംഭരണ വിതരണ പ്രവർത്തികൾ വ്യാപിപ്പിക്കുന്നതിന് താലൂക്ക് അടിസ്ഥാനത്തിൽ സാറ്റ്ലൈറ്റ് സംഭരണ കേന്ദ്രങ്ങൾ തുടങ്ങാൻ നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിനു പുറമെ കൃഷി വകുപ്പിന്റെയോ, വി.എഫ്.പി.സി.കെ യുടെയോ വിപണന കേന്ദ്രങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിൽ വി.എഫ്,പി.സി.കെ മോഡലിൽ കർഷകരെ ഉൾപ്പെടുത്തി ചന്തകൾ തുടങ്ങുന്നതിന് ഹോർട്ടിക്കോർപ്പ് തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ സംഭരണ വിപണന പ്രക്രിയകൾ ശാക്തീകരിക്കുന്നതോടൊപ്പം ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി കൃഷിയിടങ്ങളിൽ നിന്നും സാമ്പിളുകൾ കേരളാ കാർഷിക സർവ്വകലാശാലയുടെ അക്രഡിറ്റഡ് റസിഡ്യൂ അനാലിസിസ് ലാബിൽ പരിശോധിച്ച് സുരക്ഷിതമായ പച്ചക്കറിയാണെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഇത്തരത്തിൽ സുരക്ഷിതമായ പച്ചക്കറികൾ ഉത്പാദിപ്പിക്കുന്ന കർഷകരിൽ നിന്നും മാർക്കറ്റ് വിലയേക്കാൾ 15% കൂടുതൽ നൽകി ഇവ സംഭരിക്കുന്നതിനും ഈ ഉൽപ്പന്നങ്ങൾ പ്രത്യേക ബ്രാന്റായി (അമൃത്) വിൽക്കുന്നതിനുമുള്ള നടപടികൾ ഹോർട്ടിക്കോർപ്പ് തുടങ്ങിക്കഴിഞ്ഞു.

Sobhana

**സെക്ഷൻ ഓഫീസർ**